(സി) 1. ഡോ. ജോയ് ഇളമൺ. ഹാപ്പി ഹോം, ആദർശ് നഗർ, പട്ടം.

2. ശ്രീമതി മറിയാമ്മ സാനു ജോർജ്, സൂര്യ നഗർ, പട്ടം.

3. പ്രൊഫ. ജോൺഎം.ഇട്ടി, തുരുത്തിൽവീട്, കൊല്ലക്കടവ്, മാവേലിക്കര.

4. പ്രൊഫ. ജയപ്രകാശ് രാഘവയ്യ, 5 സി. കോർണിയൽ കാസ്സിൽ റെഡ്ക്രോസ്സ് റോഡ്, കോഴിക്കോട്.

ഡോ. ജോയ് ഇളമൺ ശ്രീമതി മറിയാമ്മ സാനു ജോർജ് എന്നിവർക്ക് യഥാക്രമം 7.08 ലക്ഷം രൂപയും 4.96 ലക്ഷം രൂപയും പ്രതിഫലമായി നൽകിയിട്ടുണ്ട്.

പ്രൊഫ. ജോൺ.എം.ഇട്ടി, പ്രൊഫ. രാഘവയ്യ എന്നിവർക്ക് ഫാക്കൽട്ടി എന്ന നിലയിലാണ് പ്രതിഫലം നൽകിയിട്ടുള്ളത്.

(ഡി) പഠനങ്ങളും ഗവേഷണങ്ങളും നേരിട്ട് നടത്തിയിട്ടില്ല. എന്നാൽ ജെ.പി.സി./പി.ഇ.സി. നിർദ്ദേശ പ്രകാരം വിവിധ സ്ഥാപനങ്ങളിൽ പഠനങ്ങളും ഗവേഷണങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്.

(ഇ&എഫ്) വികേന്ദ്രീകരണ ഭരണ സംവിധാനം – ഒരവലോകനം, മൈനർ ഇറിഗേഷൻ– ഒരവലോകനം എന്നീ റിപ്പോർട്ടുകൾ ഉണ്ടാക്കിയിട്ടുണ്ട്.

(ജി) സമർപ്പിച്ചിട്ടുണ്ട്.

(എച്ച്) ഇല്ല.

(ഐ) പ്രസക്തമല്ല.

(ജെ) വയ്ക്കുന്നു.*

കാപ്ഡെക് (capdeck) ഏർപ്പെട്ട കരാറുകളും മേലന്വേഷണവും

33 (4468) ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999-ലെ ജി.ഒ.(എംഎസ്.) 58/99/പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം കാപ്ഡെകിന് (capdeck)-വേണ്ടി രൂപീകരിച്ച ജോയിന്റ് പ്രോജക്ട് കമ്മിറ്റിയെ സഹായിക്കാൻ രൂപംകൊടുത്ത പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റി കാപ്ഡെക് ഘടകങ്ങളുടെ നടപ്പാക്കലിന് സൗകര്യങ്ങൾ നൽകിയതും മേലന്വേഷണം നടത്തിയതും എപ്രകാരമാണെന്ന് വിശദീകരിക്കാമോ ;

(ബി) പ്രസ്തുത പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റി ഏതെല്ലാം സ്ഥാപനങ്ങളുമായി കരാറിലേർപ്പാടുണ്ടാക്കുകയോ കരാറുകളുടെ മേലന്വേഷണം നടത്തുകയോ ചെയ്തു ;

(സി) ഈ കരാറുകളുടെ വിശദാംശം നൽകുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലകൾ പ്രസ്തുത സർക്കാർ ഉത്തരവിൽ തന്നെ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു.

(ബി) പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കരാറിൽ ഏർപ്പെടുന്നതിനോ അതുമായി ബന്ധപ്പെട്ട് മേലന്വേഷണം നടത്തുന്നതിനോ ചുമതലയില്ല.

(സി) ബാധകമല്ല.

കാപ്പ്ഡെക്-ന്റെ ജോയിന്റ് പ്രോജക്ട് കമ്മിറ്റിയെ സംബന്ധിച്ച വിവരം

34 (4469) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എ.പി.ഡി., ഇ.സി.കെ.(കാപ്പ്ഡെക്)-ന്റെ ജോയിന്റ് പ്രോജക്ട് കമ്മിറ്റിയെ സഹായിക്കുന്നതിനുവേണ്ടി ഒരു പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ ;

(ബി) അതിലെ അംഗങ്ങളുടെ പേരുവിവരം നൽകുമോ ; അവരുടെ വിദ്യാഭ്യാസയോഗ്യത, പരിചയം എന്നിവ വിശദീകരിക്കുമോ ;

(സി) ജോയിന്റ് പ്രോജക്ട് കമ്മിറ്റിയിലില്ലാത്ത ആരെല്ലാം ഈ കമ്മിറ്റിയിലുണ്ടായിരുന്നുവെന്നും പ്രസ്തുത കമ്മിറ്റിയുടെ കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും എന്തെല്ലാമായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(ഡി) കർത്തവ്യങ്ങളുടേയും ഉത്തരവാദിത്വങ്ങളുടേയും അടിസ്ഥാനത്തിൽ ഈ കമ്മിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും അതിനായി എത്ര പ്രാവശ്യം യോഗം ചേർന്നുവെന്നും എന്തെല്ലാം തീരുമാനമെടുത്തുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നിയോഗിച്ചിരുന്നു.

(ബി) സർക്കാർ ഉത്തരവിന്റെ കോപ്പി അനുബന്ധമായി വയ്ക്കുന്നു. [ജി.ഒ. (എം.എസ്.)നമ്പർ 58/99/പ്ലാനിംഗ് തീയതി 24-12-1999]

(സി) കില ഫാക്കൽട്ടിയിലെ 2 പ്രതിനിധികളും പ്ലാനിംഗ് ക്യാംപയിൻ സെല്ലിലെ 2 പ്രതിനിധികളും കൂടുതൽ ഉണ്ടായിരുന്നു. കർത്തവ്യങ്ങളും ഉത്തരവാദിത്വങ്ങളും അനുബന്ധത്തിൽ കാണാവുന്നതാണ്.*

(ഡി) ഈ കമ്മിറ്റി 25 തവണ യോഗം ചേരുകയും മേൽപ്പറഞ്ഞ ഉത്തരവാദിത്വങ്ങളുടെ അടിസ്ഥാനത്തിൽ തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.